## പതിമൂന്നാം കേരളനിയമസഭ
## ആറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ : 1474** 14.12.2012 ൽ മറുപടിയ്ക്ക്

## പ്രോജക്ട് ഫിനാൻസ് സെൽ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. ജെയിംസ് മാത്യു :<br>ശ്രീ.വി. ശിവൻകുട്ടി :<br>ശ്രീ. കെ. രാധാകൃഷ്ണൻ | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) ആസൂത്രണ ബോർഡിൽ രൂപീകരിച്ചിട്ടുള്ള പ്രോജക്ട് ഫിനാൻസ് സെല്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ ; | (എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള അടിസ്ഥാന സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ ഏർപ്പെടുത്തുന്നതിന് ബജറ്റ് മുഖേനയുള്ളതു കൂടാതെ ബജറ്റിനു പുറത്തു നിന്നുള്ളതുമായ നിക്ഷേപ സാദ്ധ്യതകൾ പരിശോധിക്കുക, അത്തരം പ്രോജക്ടുകളുടെ ഫീസിബിലിറ്റി പരിശോധിക്കുക എന്നിങ്ങനെ ഒരു ഫെസിലിറ്റേറ്ററുടെ പ്രവർത്തനമാണ് പ്രോജക്ട് ഫിനാൻസിംഗ് സെല്ലിന്റെ രൂപീകരണം കൊണ്ട് ഉദ്ദേശിക്കുന്നത്. |
| (ബി) സംസ്ഥാനത്തെ ഏതെല്ലാം പദ്ധതികളിലാണ് സ്വകാര്യ പങ്കാളിത്തവും വിദേശനിക്ഷേപവും അനുവദിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) അതാത് പ്രോജക്ടുകളുടെ സ്വഭാവമനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |
| (സി) ഇതിനകം മുന്നോട്ടു വന്നിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ എന്തൊക്കെയാണ് ; ഏതെല്ലാം വിദേശ ഏജൻസികളാണ് നിക്ഷേപം നടത്താനായി മുന്നോട്ട് വന്നിരിക്കുന്നത് ; | (സി) പദ്ധതി നിർദ്ദേശങ്ങൾ ഒന്നും തന്നെ പ്രോജക്ട് ഫിനാൻസിംഗ് സെല്ലിനു ലഭിച്ചിട്ടില്ല. |
| (ഡി) സ്വകാര്യ വിദേശ നിക്ഷേപ പദ്ധതികളിൽ സർക്കാർ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എത്ര ശതമാനം ; പദ്ധതികൾക്കാവശ്യമായി വരുന്ന ഭൂമി കണ്ടെത്തുന്നത് എപ്രകാരമായിരിക്കും ? | (ഡി) ഓരോ പദ്ധതി നിർദ്ദേശവും പ്രത്യേകം പ്രത്യേകം പരിശോധിച്ചു മാത്രമേ ഇതു സംബന്ധിച്ച് തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. |

Bijumon

**സെക്ഷൻ ഓഫീസർ**